ശ്രീ. റൂഡി ലൂയീസ് : സർ, ചെറുകിട വ്യവസായങ്ങളിലെ ഏറ്റവും വലിയ പ്രതിസന്ധി ആ വ്യവസായ സ്ഥാപനങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ മാർക്കറ്റിംഗാണ്. ഇത് പരിഹരിക്കുന്നതിനുവേണ്ടിയിട്ടുള്ള എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, മാർക്കറ്റ് തന്നെയാണ് വലിയ പ്രശ്നം. അതിനുള്ള കാരണം ക്വാളിറ്റി കോമ്പിറ്റീഷൻ എന്നിവയാണ്. പിന്നെ ക്ലസ്റ്റർ അപ്രോച്ച് പുതുതായിട്ട് വ്യവസായ മേഖലയിൽ കൊണ്ടുവരുന്നുണ്ട്. പിന്നെ ചില ഐറ്റങ്ങളെ സംബന്ധിച്ച് കേരള ബ്രാന്റ് ഉണ്ടാക്കാൻ വേണ്ടി ബ്രാൻഡിംഗ് പ്രോത്സാഹനം നടപ്പിലാക്കുന്നുണ്ട്. ഫുഡ് പ്രോസസ്സിങ്ങിലൊക്കെ പിന്നെ അതിന്റെ ക്വാളിറ്റി കൺട്രോളിംഗ്, സ്റ്റാൻഡേർഡൈസേഷൻ ഇങ്ങനെ മാർക്കറ്റ് എന്നു പറഞ്ഞാൽ വെറുതെ പരസ്യപ്പെടുത്തിയാൽ മാർക്കറ്റാവുകയില്ല. അതിനൊക്കെ കുറച്ചൊക്കെ സത്യം വേണം; ബോധ്യവും വേണം. ഇത്തരത്തിലുള്ള വിവിധ നടപടികൾ എടുക്കുന്നുണ്ട്. മാർക്കറ്റിംഗിൽ ചെറുകിട വ്യവസായികളെ സഹായിക്കാൻ വേണ്ടിയുള്ള ഒരു തന്ത്രവും ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വ്യവസായ രംഗത്തെ പ്രവാസി നിക്ഷേപം

* 4 [816] ശ്രീ. വി. കെ. സി. മമ്മത്കോയ:
,, മഞ്ഞളാംകുഴി അലി :
,, എം. വി. ജയരാജൻ :
,, കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവാസികളുടെ നിക്ഷേപം വർദ്ധിച്ചിട്ടുണ്ടോ; വ്യവസായ രംഗത്ത് പ്രവാസിനിക്ഷേപം വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു;

(ബി) ഗ്ലോബൽ ഇൻവെസ്റ്റർ മീറ്റിൽ പ്രവാസികളുടേതായ എത്ര നിക്ഷേപം പ്രതീക്ഷിക്കുകയുണ്ടായി;

(സി) നിക്ഷേപം സംബന്ധിച്ച് പ്രവാസികളുമായി ധാരണയിലെത്തിയ പദ്ധതികളെത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ധാരണയായ എത്തെല്ലാം പദ്ധതികൾ നടപ്പിൽ വരുത്തുകയുണ്ടായി;

(ഇ) പ്രവാസി മലയാളികൾ ഇപ്പോൾ നിക്ഷേപം സംബന്ധിച്ച് എന്തെങ്കിലും ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ടോ;

(എഫ്) നിക്ഷേപം വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് ചാനലൈസ് ചെയ്യുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഉണ്ട്. പ്രവാസി നിക്ഷേപ സമാഹരണത്തിന് സർക്കാർ എടുത്തിട്ടുള്ള നടപടികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി,സി) കേരളത്തിലെ മാറിയ നിക്ഷേപ സാഹചര്യങ്ങളെപ്പറ്റിയും നിക്ഷേപത്തിന് സംസ്ഥാനത്ത് ലഭ്യമായ അനന്ത സാദ്ധ്യതകളെപ്പറ്റിയും ആഗോള തലത്തിൽ പ്രചാരണവും ബോധവൽക്കരണവും നടത്തി നിക്ഷേപകരെ ആകർഷിക്കുക എന്നതായിരുന്നു ജിം-ന്റെ ലക്ഷ്യം. കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ 1450.50 കോടി മുതൽമുടക്ക് പ്രതീക്ഷിക്കുന്ന 15 പദ്ധതികൾക്കാണ് 'ജിം'ൽ പ്രവാസികളുമായി ധാരണാപത്രം ഒപ്പുവച്ചത്.

കിൻഫ്രയുടെ പാർക്കുകളിൽ വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനു വേണ്ടി ധാരണയിലെത്തിയത് 10 പദ്ധതികൾക്കാണ്.

(ഡി) പദ്ധതികളെല്ലാം വിവിധ ഘട്ടങ്ങളിലാണ്; നടപ്പിൽ വന്നുകഴിഞ്ഞിട്ടില്ല.

(ഇ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഉണ്ട്.

സാമൂഹ്യക്ഷേമ വകുപ്പിലെ ഭരണനവീകരണ പരിപാടികൾ

* 5 [817] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. ടി. കെ. ബാലൻ :
ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ ക്ഷേമവകുപ്പിൽ നടപ്പിലാക്കുവാൻ ആലോചിക്കുന്ന ഭരണ നവീകരണ പരിപാടികൾ എന്തൊക്കെയാണ്;

(ബി) ഇതു സംബന്ധമായി 2003 ജൂലൈ 16 മുതൽ 18 വരെ എം. ജി. പി. സംഘടിപ്പിച്ച വർക്ക്ഷോപ്പിൽ ഉണ്ടായ തീരുമാനങ്ങൾ എന്തൊക്കെയാണ്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly